**<u>15 -ാം കേരള നിയമസഭ</u>**

**<u>3 -ാം സമ്മേളനം</u>**

**<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 314</u>** **<u>27-10-2021 - ൽ മറുപടിയ്ക്ക്</u>**

**<u>കുടുംബശ്രീ പ്രത്യേക ഗ്രൂപ്പുകളുടെ രൂപീകരണം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. കെ.വി.സുമേഷ്,<br>ഡോ സുജിത് വിജയൻപിള്ള** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്ത്രീകൾക്ക് പ്രോത്സാഹനം നൽകുന്നതിനും സാമ്പത്തിക സ്വാതന്ത്ര്യം നേടാൻ കഴിയുമെന്ന ആത്മവിശ്വാസം വളർത്തിയെടുക്കുന്നതിനുമായി കുടുംബശ്രീ പ്രത്യേകമായ ഗ്രൂപ്പുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | ഉണ്ട്, സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണത്തിനായി കുടുംബശ്രീ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. മിതവ്യയ സമ്പാദ്യ വായ്പാ പ്രവർത്തനം, ലിങ്കേജ് വായ്പ തുടങ്ങിയ സാമ്പത്തിക പ്രവർത്തനങ്ങൾ, സൂക്ഷ്മ സംരംഭങ്ങൾ ഉൾപ്പെടെയുള്ള ഉപജീവന ഉപാധികൾ, മറ്റ് സാമ്പത്തിക പിന്തുണകൾ, കാര്യശേഷി വികസനത്തിന് മുൻതൂക്കം നൽകികൊണ്ട് വിവിധ മേഖലയിലെ പരിശീലനങ്ങൾ എന്നിവ നടപ്പിലാക്കി വരുന്നുണ്ട്. സ്ത്രീകളുടെ കാര്യശേഷിയും സാമൂഹ്യ ഇടപെടൽ ശേഷിയും വർദ്ധിപ്പിക്കുന്നതിനും, അതിക്രമങ്ങൾക്കെതിരെ പ്രതികരിക്കുന്നതിനും, പോരാടുന്നതിനും, വരുമാനദായക പ്രവർത്തനങ്ങളെക്കുറിച്ചുള്ള അറിവും അവസരങ്ങളും കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെ അംഗങ്ങൾക്കെന്നപോലെ അയൽക്കൂട്ടാംഗങ്ങൾ അല്ലാത്തവർക്കും ലഭ്യമാക്കി, സ്ത്രീ ശാക്തീകരണവും സാമ്പത്തിക ഉന്നമനവും അതുവഴി സാമൂഹിക വികസനവും ലക്ഷ്യമിട്ട് പരസ്പര സഹകരണത്തോടെ പ്രവർത്തിക്കുന്ന യുവതികളുടെ കൂട്ടായ്മ വളർത്തുന്നതിനായി 18 മുതൽ 40 വയസ്സുവരെ പ്രായമുള്ള വനിതകളെ ഉൾപ്പെടുത്തി കുടുംബശ്രീ വഴി പ്രത്യേക ഗ്രൂപ്പുകളുടെ രൂപീകരണം നടത്തുന്നതിനായി തദ്ദേശ സ്വയംഭരണ വാർഡുതലങ്ങളിൽ ഓക്സിലറി ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിനായി 02/10/2021 തീയതി സ.ഉ. (സാധാ) നം. 1894/2021/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പദ്ധതി രേഖയ്ക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ജില്ലകൾക്ക് നൽകുകയും, ഓക്സിലറി ഗ്രൂപ്പിന്റെ രൂപീകരണ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപന വാർഡുതലത്തിൽ പരമാവധി 50 പേരുടെ ഗ്രൂപ്പ് എന്ന കണക്കിലാണ് പ്രസ്തുത യുവതീ ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ മറ്റെന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദമാക്കാമോ? | (ബി) | പ്രസ്തുത പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്, - സ്ത്രീശാക്തീകരണത്തിനും യുവതികളിലൂടെ കുടുംബങ്ങളുടെ സാമ്പത്തിക വികസനത്തിനും അതുവഴി സാമൂഹ്യ ഉന്നമനത്തിനുമുതകുന്ന അവസരങ്ങൾ ലഭ്യമാകുന്നു. - സ്ത്രീധനം, ഗാർഹിക പീഡനങ്ങൾ തുടങ്ങി സ്ത്രീകൾ അനുഭവിക്കുന്ന സാമൂഹ്യ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹാരം കണ്ടെത്തുന്നതിനുമുള്ള ഒരു പൊതു വേദിയായി പ്രസ്തുത ഗ്രൂപ്പുകൾ വഴി യുവതികളെ ശാക്തീകരിക്കുക - സ്ത്രീകളുടെ കാര്യശേഷിയും സാമൂഹിക ഇടപെടൽശേഷിയും വർദ്ധിപ്പിക്കുന്നതിനും, അതിക്രമങ്ങൾക്കെതിരെ പ്രതികരിക്കുന്നതിനും സാമൂഹിക വിഷയങ്ങളിൽ ഇടപെടുന്നതിനും അവയ്ക്ക് പരിഹാരം കാണുന്നതിനുമുള്ള വേദിയൊരുക്കുക. - അഭ്യസ്തവിദ്യരായ സ്ത്രീകളുടെ മാനവശേഷി ഫലപ്രദമായി ഉപയോഗിച്ച് സാമ്പത്തികവും വ്യക്തിപരവുമായ പുരോഗതി കൈവരിച്ചുകൊണ്ട് സമൂഹത്തിൽ സ്ത്രീകളുടെ പദവി ഉയർത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. - വരുമാനദായക പ്രവർത്തനങ്ങളെക്കുറിച്ചുള്ള അറിവും അവസരങ്ങളും കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെന്നപോലെ അയൽക്കൂട്ടാംഗമല്ലാത്തവർക്കും ലഭ്യമാക്കി ഉപജീവനമാർഗ്ഗങ്ങൾ കണ്ടെത്തി പ്രാദേശിക സാമ്പത്തിക വികസനത്തിനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും വേണ്ടി പരസ്പര സഹകരണത്തോടെ പ്രവർത്തിക്കുന്ന യുവതികളുടെ കൂട്ടായ്മ വളർത്തുക. - സർഗ്ഗശേഷി വളർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനുമുള്ള പൊതുയിടങ്ങൾ സൃഷ്ടിക്കുക. - സ്ത്രീകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ പഞ്ചായത്ത് തലം മുതലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ അവതരിപ്പിക്കുന്നതിനും അവയ്ക്ക് പരിഹാരം കാണുന്നതിനുമുള്ള ഗ്രൂപ്പുകളായി പ്രവർത്തിക്കുക. - ഗ്രൂപ്പുകളിൽ നിന്നും സമാന സ്വഭാവമുള്ള കൺസോർഷ്യങ്ങൾ രൂപീകരിച്ച് പ്രവർത്തനം നടത്തുക. |

സെക്ഷൻ ഓഫീസർ